# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1659 14/07/2016-ൽ മറുപടിക്ക്**

## ബൈതരണി കൽക്കരി പാടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പ്രദീപ്കുമാർ<br>,, എസ്.ശർമ്മ<br>,, എ.എൻ.ഷംസീർ<br>,,കെ.കുഞ്ഞിരാമൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2007-ൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിച്ച ബൈതരണി കൽക്കരി പാടം തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) ഉണ്ട്. കൽക്കരിപ്പാടം വികസിപ്പിക്കുന്നതിൽ നേരിട്ട കാലതാമസം ചൂണ്ടിക്കാട്ടി കേന്ദ്ര കൽക്കരി മന്ത്രാലയം ബൈതരണി കൽക്കരിപ്പാടം 2012 ഡിസംബർ 10- ാം തീയതിയിലെ ഉത്തരവ് പ്രകാരം തിരിച്ചെടുത്തത്. കൽക്കരിപ്പാടത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി ഒറീസ്സ സർക്കാർ നൽകാതിരുന്നതും, പാരിസ്ഥിതിക പഠനം നടത്തുന്നതിനുള്ള അനുമതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം മോറട്ടോറിയം ഏർപ്പെടുത്തിയതും കാരണമാണ് കൽക്കരിപ്പാടം വികസിപ്പിക്കുന്നതിൽ കാലതാമസം നേരിട്ടത്. എന്നാൽ 2014 ആഗസ്റ്റിലും, സെപ്റ്റംബറിലുമായി ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവുകളനുസരിച്ച് ബൈതരണി ഉൾപ്പെടെ 1993 ജൂലൈ മാസത്തിന് ശേഷം അനുവദിക്കപ്പെട്ട എല്ലാ കൽക്കരിപ്പാടങ്ങളുടെയും അനുമതി റദ്ദാക്കപ്പെട്ടിട്ടുണ്ട്. ഈ പാടങ്ങളെല്ലാം കേന്ദ്ര സർക്കാർ പുതുതായി വിവിധ ഉപഭോക്താക്കൾക്ക് അനുവദിച്ചു വരികയാണ്. |
| (ബി) പ്രസ്തുത കൽക്കരി പാടം സംസ്ഥാനത്തിന്റെ ആവശ്യത്തിനായി വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യത വിശദമാക്കുമോ? | (ബി) കൽക്കരിപ്പാടങ്ങൾ പുനരനുവദിക്കുന്നതിനായി കൽക്കരി മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, ബൈതരണി കൽക്കരിപ്പാടം അത് സ്ഥിചെയ്യുന്ന സംസ്ഥാനമായ ഒറീസ്സയിലെ സർക്കാർ കമ്പനികൾക്കു മാത്രമായി റിസർവ്വ് ചെയ്തിരിക്കുകയാണ്. |

(...2)

അതിനാൽ കേരളത്തിന് ബൈതരണി കൽക്കരിപ്പാടത്തിനായി അപേക്ഷ സമർ പ്പിക്കാൻ കഴിയില്ല.

എന്നാൽ മറ്റേതെങ്കിലും കൽക്കരിപ്പാടം സംസ്ഥാനത്തിന്റെ ആവശ്യത്തിനായി അനുവദിച്ച് കിട്ടുന്നതിനുള്ള അപേക്ഷ അതിന്റെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിന് സമർപ്പിക്കാ വുന്നതാണ്.

സെക്ഷൻ ഓഫീസർ